“ഭരണഭാഷ  മാതൃഭാഷ‘‘

# കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡ്
## തിരുവനന്തപുരം ഡിവിഷൻ

**നമ്പർ** : ഡി.എം/ ടി.വി.എം/ 450 / 2024 തീയതി: 06.01.2025

കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം ഡിവിഷനിലുള്ള 2010 മോഡൽ മഹിന്ദ്ര ബൊലേറോ (ജീപ്പ്) 16.01.2025 രാവിലെ 11.30 AM തീയതിയിൽ കേരള വനം വികസന കോർപ്പറേഷൻ തിരുവനന്തപുരം ഡിവിഷനാഫീസിൽ വച്ച് ടെണ്ടർ / ലേലം നടത്തി വിൽക്കുന്നതാണ്. അന്നേ ദിവസം ലേലം നടക്കാതെ വന്നാൽ 27.01.2025, 30.01.2025 –ൽ നടത്തുന്നതാണ്. ടി പരസ്യ ലേലത്തിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതും കൂടുതൽ തുക ലേലം കൊള്ളുന്ന/ ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതുമായിരിക്കും. ലേലത്തിനാവശ്യമായ നിരതദ്രവ്യം പണമായോ ഡിഡി ആയോ ലേലം ആരംഭിക്കുന്നതിനു മുൻപായി കെട്ടി വയ്ക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്നവർ നിരതദ്രവ്യം ഉൾപ്പടെ ലേല ദിവസം 11 മണിക്ക് മുൻപായി നേരിട്ട് സമർപ്പിക്കേണ്ടതാണ്. ലേലം പൂർത്തിയായാലുടൻ ടെണ്ടർ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ച/ലേലം വിളിച്ച ആളുടെ പേർക്ക് ടെണ്ടർ/ലേലം ഉറപ്പിക്കുന്നതുമാണ്. വാഹനങ്ങളുടെ വിശദ വിവരം താഴെനൽകുന്നു.

1. 2010 മോഡൽ മഹിന്ദ്ര ബൊലേറോ (ജീപ്പ്),-
   Basic auction value- Rs. 1,30,000/- + 18% GST
   EMD- Rs. 3250/-.

**<u>ലേല / ടെൻഡർ വ്യവസ്ഥകൾ</u>**

1. 16.01.2025- രാവിലെ 11.30 AM- ടെണ്ടർ/ ലേലം നടത്തുന്നതാണ്.
2. ടെണ്ടർ/ലേലത്തിന് മുൻപായി വാഹനം (ലേലവസ്തു) കണ്ടു പരിശോധിച്ച് അതിന്റെ അവസ്ഥ ബോധ്യപ്പെടേണ്ടതാണ്. വാഹനത്തിന്റെ അവസ്ഥയെ സംബന്ധിച്ച് ലേലം ഉറപ്പിച്ചതിന് ശേഷമുള്ള വാദങ്ങൾ പരിഗണനീയമല്ല.
3. ഓരോ വാഹനത്തിനും പ്രത്യേകം പ്രത്യേകം ടെണ്ടർ സമർപ്പിക്കേണ്ടതാണ്. ലേല തിയതി രാവിലെ 11.00 AM മണിക്ക് മുൻപായി ടെണ്ടർ സമർപ്പിക്കേണ്ടതാണ്.
4. ടെണ്ടർ സമർപ്പിച്ച വ്യക്തി ടെണ്ടർ തുറക്കുന്ന സമയത്തു ഹാജരായിരിക്കേണ്ടതാണ്. ഏറ്റവും ഉയർന്ന വില പരാമർശിക്കുന്ന ആൾക്കായിരിക്കും ലേലം ഉറപ്പിച്ചു നൽകുന്നത്.
5. ടെണ്ടർ / ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരെല്ലാം തന്നെ ലേലത്തിന് മുൻപായി നിരതദ്രവ്യം കെ.എഫ്.ഡി.സി-യിൽ ഒടുക്കേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കാത്ത വരെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. ക്വട്ടേഷനും പരിഗണിക്കുന്നതല്ല

6. ടെണ്ടർ / ലേലത്തിന് ശേഷം വാഹനം ടെണ്ടർ / ലേലത്തിൽ പിടിച്ചയാൾ മൊത്തം ലേലത്തുകയുടെ മൂന്നിലൊന്നു തുക അന്നുതന്നെ കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്.
7. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പുകിട്ടി 7 ദിവസത്തിനുള്ളിൽ ബാക്കി ലേല തുകയും ബാധകമായ എല്ലാ നികുതികളും കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്.
8. നിശ്ചിത തിയതിക്കകം ലേലത്തുക ഒടുക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം ലേലം കൊണ്ടയാൾ കോർപ്പറേഷനിൽ ഒടുക്കിയിട്ടുള്ള തുക മുഴുവനും കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും പിന്നീട് പ്രസ്തുത ലേലം റദ് ചെയ്തതായി പരിഗണിച്ചു ടി വാഹനം മുൻ ലേലകാരന്റെ നഷ്ടോത്തരവാദിത്യത്തിൽ പുനർ ലേലം ചെയ്തു വിൽക്കുന്നതായിരിക്കും.
9. വാഹനം ലേലത്തിൽ വാങ്ങുന്നയാൾ ബന്ധപ്പെട്ട ആർ ടി ഓ അധികാരികളെ സമീപിച്ചു സ്വന്തം ചിലവിൽ വാഹനത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിലേക്ക് 15 ദിവസത്തിനകം മാറ്റി വാങ്ങേണ്ടതാണ്. അതിനുശേഷം മാത്രമേ വാഹനം കൈമാറി തരികയുള്ളൂ.
10. വാഹനം ലേലം കൊണ്ടയാൾ വാഹനം ഉപയോഗിക്കുന്നതിന് മുൻപായി നികുതികൾ, ഇൻഷുറൻസ് മറ്റ് അനുബന്ധ രേഖകൾ എന്നിവ സാധുവാണ് എന്നുള്ള വിവരം ഉറപ്പാക്കേണ്ടതാണ്.
11. കാരണം കാണിക്കാതെ ഏതൊരു വ്യക്തിയുടെയോ/ സ്ഥാപനത്തിന്റെയോ ടെണ്ടർ/ലേലം നിരസിക്കുന്നതിനുള്ള അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.
12. സർക്കാരിന്റെ എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.
13. ലേലത്തിന് മുൻപായി തിരിച്ചറിയൽ രേഖകൾ ഹാജാരാക്കേണ്ടതാണ്.
14. ടെണ്ടർ/ലേലം സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് ഇ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ സമയത്തു (രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ). വിവരങ്ങൾക്ക് www.kfdc.kerala.gov.in. വെബ്സൈറ്റ് സന്ദർശിക്കുക ഫോൺ നമ്പർ 8289821100, 8289821101

ഡിവിഷണൽ മാനേജർ.
തിരുവനന്തപുരം